"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഷൊർണ്ണൂർ സെന്റ് തെരേസ ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽ (റിട്ട.) ശ്രീമതി.എലിസബത്ത് ഏബ്രഹാം ഫയൽ ചെയ്ത WP(C)No.12362/2023-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 12.09.2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.1579/2024/GEDN തീയതി, തിരുവനന്തപുരം, 26-02-2024**

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 12362/2023-മേലുള്ള 12.09.2023-ലെ വിധിന്യായം.
2. മലപ്പുറം ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപമേധാവിയുടെ 16/11/2023 തീയതിയിലെ ജെ/3746/2023/ആർഡിഡി/എച്ച്എസ്സ്ഇ/എംഎൽ പിഎം നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 18/11/2023 തീയതിയിലെ എച്ച്എസ്സ്ഇ/4110/2023/എസിഡി-എ2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ഷൊർണ്ണൂർ സെന്റ് തെരേസ ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽ (റിട്ട.) ശ്രീമതി. എലിസബത്ത് ഏബ്രഹാം ഫയൽ ചെയ്ത WP(C)No. 12362/2023-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 വിധിന്യായത്തിൽ Ext.P12(G.O.(Rt)No.7969/2022/GEDN dated 14.12.2022) റദ്ദാക്കുകയും Ext.P13(G.O.(P)No.9/2023/GEDN dated 12.07.2023)-ന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാധാരമായ വിഷയം പുന:പരിശോധിക്കുന്നതിന് ടി റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 18.11.2023 തീയതിയിൽ google meet **മുഖേന കേൾക്കുകയുണ്ടായി.**

**2. ഹർജിക്കാരിയായ ശ്രീമതി.എലിസബത്ത് ഏബ്രഹാമിന്റെ അപേക്ഷ ഇപ്രകാരമാണ് :**

സ.ഉ.(അച്ചടി)നം.9/2023/GEDN തിയ്യതി 12-07-2023 പ്രകാരം ഹയർ സെക്കൻഡറി വിഭാഗത്തിലെ ഗവൺമെന്റ് സർവ്വീസിലെ പ്രിൻസിപ്പൽമാർക്ക് ലഭിക്കുന്ന കെ.എസ്സ്. & എസ്സ്.എസ്സ്.ആർ ഭാഗം II ചട്ടം 21, ചട്ടം 13 B പ്രകാരമുള്ള ഇളവുകൾ

എയ്ഡഡ് മേഖലയിലെ പ്രിൻസിപ്പൽമാർക്ക് കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. അതനുസരിച്ച് Judgment in WP(C)No. 12362/2023 ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം G.O.(Rt)No. 7969/2022/GEDN dated 14.12.2022 റദ്ദാക്കുകയും, ഹരജിക്കാരിയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനും, പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സർവ്വീസ്സ് ആനുകൂല്യങ്ങളും പെൻഷനും അനുവദിക്കുന്നതിനും, ബഹു. കോടതി നിർദ്ദേശമുള്ളതാണ്. അതിനാൽ ഹർജിക്കാരിയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനും, പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സർവ്വീസ് ആനുകൂല്യങ്ങളും പെൻഷനും അനുവദിക്കുന്നതിനും, അപേക്ഷയുള്ളതാകുന്നു.

**3.** **മലപ്പുറം ഹയർ സെക്കൻഡറി മേഖലാ ഉപമേധാവി ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :**

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ സെന്റ് തെരേസ എച്ച്എസ്എസ്.ലെ ശ്രീമതി. എലിസബത്ത് എബ്രഹാം 03/08/2015 മുതൽ 31/03/2022 വരെ പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ ടിയാരി വകുപ്പുതല പരീക്ഷ പാസ്സായത് 2019 ജനുവരിയിൽ ആയതിനാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. 03/08/2017 മുതൽ 02/08/2018 വരെ ഒരു വർഷത്തേക്ക് മാനേജർ പ്രൊബേഷൻ ദീർഘിപ്പിച്ച് ആയത് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 03/08/2018 മുതൽ വകുപ്പുതല പരീക്ഷ പാസ്സാകുന്നത് വരെയുള്ള കാലയളവിലേക്ക് പ്രൊബേഷൻ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിന്മേൽ നൽകാൻ കഴിയില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിനാൽ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു. ആയതിനാൽ ശ്രീമതി. എലിസബത്ത് എബ്രഹാം ഡബ്ല്യൂ.പി.സി.നം.6385/2022 പ്രകാരം ഫയൽ ചെയ്ത കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച G.O.(Rt) No.7969/2022/GEDN dated 14.12.2022 പ്രകാരം ടിയാരിയുടെ അപേക്ഷ നിരസിക്കുകയുണ്ടായി. G.O.(Rt)No.7969/2022/GEDN dated 14.12.2022 പുന:പരിശോധിക്കണം എന്ന് കാണിച്ച് ശ്രീമതി. എലിസബത്ത് എബ്രഹാം ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി.നം.12362/2023-ന്റെ വിധിന്യായത്തിൽ ശ്രീമതി. എലിസബത്ത് എബ്രഹാമിന് 03/08/2015-ന് പ്രിൻസിപ്പൽ തസ്തികയിൽ പ്രവേശിച്ച്, 13/08/2015-ന് 50 വയസ്സ് പൂർത്തീകരിച്ചിട്ടുണ്ട് എന്നും, ജി.ഒ.(പി)നം.9/2023/പൊ.വി.വ. തീയതി 12.07.2023-ന്റെ അടിസ്ഥാനത്തിൽ ടിയാരിയെ വകുപ്പുതല പരീക്ഷ പാസ്സാവുന്നതിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ചും പരാമർശിച്ചിരിക്കുന്നു. 13/08/2015-ന് 50 വയസ്സ് പൂർത്തീകരിച്ചിട്ടുണ്ട് എന്നിരിക്കിലും ശ്രീമതി. എലിസബത്ത് എബ്രഹാം 31/03/2022-ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ജി.ഒ.(പി)നം.9/2023/പൊ.വി.വ. തീയതി 12.07.2023-ന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ നിരീക്ഷണകാലം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം എടുക്കാവുന്നതാണ്.

**4.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെ വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ പ്രിൻസിപ്പൽ തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിനും, സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നതിനും ഉത്തരവാകണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

ഹർജിക്കാരി 03.08.2015 മുതൽ 31.03.2022 വരെ പ്രിൻസിപ്പൽ തസ്തികയിൽ സേവനമനുഷ്ഠിക്കുകയും 31.03.2022-ന് സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. ടിയാരി വകുപ്പുതല പരീക്ഷ പാസ്സായത് 2019 ജനുവരിയിൽ ആയതിനാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. 03.08.2017 മുതൽ 02.08.2018 വരെ ഒരു വർഷത്തേയ്ക്ക് മാനേജർ പ്രൊബേഷൻ ദീർഘിപ്പിച്ച് നൽകുകയും ടി വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 03.08.2018 മുതൽ പ്രൊബേഷൻ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ഓഫീസർമാർ നിരസിച്ചതിനെത്തുടർന്ന്, ടിയാരി ഫയൽ ചെയ്ത WP(C)No.6385/2022-ന്മേലുള്ള കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 14.12.2022-ലെ G.O.(Rt)No.7969/2022/പൊ.വി.വ. പ്രകാരവും ടി അപേക്ഷ നിരസിക്കപ്പെട്ടു. ടി സർക്കാർ ഉത്തരവിനെതിരെ ടിയാരി ഫയൽ ചെയ്ത WP(C) 12362/2023-ന്മേലുള്ള 12.09.2023 തീയതി വിധിന്യായത്തിൽ ബഹു. കോടതി ടി സർക്കാർ ഉത്തരവ് റദ്ദാക്കുകയും 12.07.2023 തീയതിയിലെ G.O.(P)No.9/2023/GEDN പ്രകാരം ടിയാരിയുടെ അപേക്ഷ പുന:പരിശോധിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. മുൻപ് പല കേസുകളിലും ഇപ്രകാരമുള്ള ഇളവ് അനുവദിച്ചിട്ടുണ്ടെന്നും കോടതി നിരിക്ഷിച്ചിട്ടുണ്ട്. 03.08.2015-ന് പ്രിൻസിപ്പൽ തസ്തികയിൽ പ്രവേശിച്ച ഹർജിക്കാരിക്ക് 13.08.2015-ന് 50 വയസ്സ് പൂർത്തിയായിട്ടുണ്ട്. (Judgement dated 25.02.2022 in WP(C) 6385/2022) 03.08.2015-ന് പ്രിൻസിപ്പാൾ നിയമനം ലഭിച്ച ഹർജിക്കാരിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടത് 3.08.2017-നാണ്. എന്നാൽ വകുപ്പുതല പരീക്ഷ പാസ്സായിട്ടില്ലാത്തതിനാൽ മാനേജർ 03.08.2017 മുതൽ 02.08.2018 വരെ പ്രൊബേഷൻ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. യോഗ്യതാ പരീക്ഷ ടിയാരി പാസ്സായിട്ടുള്ളത് ജനുവരി 2019-നാണ് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**5.** സർക്കാർ സർവ്വീസിലെ പ്രിൻസിപ്പൽമാർക്ക് ലഭിക്കുന്ന KS&SSR Part II Rule 21, Rule 13B പ്രകാരമുള്ള ഇളവുകൾ എയ്ഡഡ് മേഖലയിലെ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്കു കൂടി അനുവദിച്ച് G.O.(P)No.9/2023/GEDN dated 12.07.2023 പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, ടി ഉത്തരവിന് മുൻകാല പ്രാബല്യം കൊടുത്തിട്ടില്ല. ഇവിടെ ഹർജിക്കാരിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ട തീയതി 03.08.2017 ആണ്. ഹർജിക്കാരിക്ക് 13.08.2015-ന് 50 വയസ്സ് പൂർത്തിയായിട്ടുണ്ട്.

**6.** മേൽ സാഹചര്യത്തിൽ, പ്രിൻസിപ്പൽ തസ്തികയിൽ നിയമനം ലഭിക്കുന്നവർ പ്രൊബേഷൻ കാലയളവിനുള്ളിൽ obligatory departmental test-കൾ പാസ്സാകേണ്ടതുണ്ടെന്ന നിബന്ധനയിൽ 50 വയസ്സ് കഴിഞ്ഞവർക്ക് ഇളവ് അനുവദിച്ചുകൊണ്ട് നിലവിൽ G.O.(P)No.9/2023/GEDN dated.12.07.2023 പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, അതിന് മുൻകാലപ്രാബല്യമില്ലാത്തതിനാൽ 03.08.2015-ന് പ്രിൻസിപ്പൽ തസ്തികയിൽ പ്രവേശിച്ച ഹർജിക്കാരിക്ക് 13.08.2015-ന് 50 വയസ്സ് പൂർത്തിയായിട്ടുണ്ട് എങ്കിലും മേൽ ഉത്തരവിന്റെ ആനുകൂല്യം നൽകാനാവില്ല എന്നതിനാൽ, പാലക്കാട് ഷൊർണ്ണൂർ സെന്റ് തെരേസസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലായി 03/08/2015 തീയതിയിൽ നിയമിതയായ ശ്രീമതി. എലിസബത്ത് എബ്രഹാമിന്റെ പ്രൊബേഷൻ കാലയളവ് ടിയാൾ വകുപ്പുതല പരീക്ഷ പാസ്സായ 2019 ജനുവരി വരെ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ ടി അപേക്ഷ നിരസിച്ച് തീർപ്പാക്കി, ടിയാൾ ഫയൽ ചെയ്ത WP(C) No. 12362/2023-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കൻഡറി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപഡയറക്ടർ,
സിവിൽ സ്റ്റേഷൻ, മലപ്പുറം.
കോർപ്പറേറ്റ് മാനേജർ, ടി അപ്പോസ്ഥലിക്ക് കാർമൽ എഡ്യൂക്കേഷണൻ
ഏജൻസി, എ.സി. പ്രോവിൻഷ്യൽ ഹൗസ്, മാലാപ്പറമ്പ. പി ഒ,
കോഴിക്കോട്.
പ്രിൻസിപ്പൽ, സെന്റ് തെരേസ ഹയർ സെക്കൻഡറി സ്കൂൾ,
ഷൊർണ്ണൂർ, പാലക്കാട്.
ശ്രീമതി. എലിസബത്ത് എബ്രഹാം, W/o. ശ്രീ. പുന്നൂസ് ജേക്കബ്,
കൊട്ടച്ചാലിൽ ബിജോ വില്ല, വൈ എം സി എ റോഡ്, ഷൊർണ്ണൂർ,
പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ് (JA2/29/2024/GEdn dtd 13.2.2024)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 27-02-2024 11:05:19

സെക്ഷൻ ഓഫീസർ